

# "മനതാരിൻ മൊട്ടുകൾ തൂലികയിൽ വിടർന്നപ്പോൾ"

സന്ധ്യ എസ്

ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്
LKV Publications

# "മനതാരിൻ മൊട്ടുകൾ തൂലികയിൽ വിടർന്നപ്പോൾ"

(Malayalam)

# **Manatharin Mottukal Thoolikayil Vidarnnappol.....**

Poems

By

**Sandhya S**

Cover Design:Licy R (LK Mistress,GVHSS,Veeranakavu)
First Published April 42025
Type Setting at GVHSS Veeranakavu Little Kites Unit
Printed at Littlekites Lab Veeranakavu School

No restrictions for any other publications to publish the poems given in the book with the permission of the writer.

Publishers
LKV Publishers
Little Kites Unit
GVHSS Veeranakavu
Email:veeranakavuschool@gmail.com

# "മനതാരിൻ മൊട്ടുകൾ തൂലികയിൽ വിടർന്നപ്പോൾ"

## (കവിതകൾ)

## സന്ധ്യ എസ്

LKV Publications

പ്രസാധകർ

**എൽ കെ വി പബ്ലിക്കേഷൻസ്**

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്

# സന്ധ്യ എസ്

സന്ധ്യ എസ്  ഒരു അസാധാരണ വ്യക്തിത്വത്തിനുടമയായ സാധാരണക്കാരിയായ ഒരു വീട്ടമ്മയാണ്.അടുക്കളയ്ക്കപ്പുറത്ത് പ്രകൃതിയെ അകമഴിഞ്ഞ് സ്നേഹിക്കുന്ന,അനീതിയിൽ അസ്വസ്ഥയാകുന്ന,നന്മകൾ കണ്ട് ആഹ്ലാദിക്കുന്ന,മറ്റുള്ളവർക്ക് പ്രചോദനമാകുന്ന സന്ധ്യയെന്ന വീട്ടമ്മയിൽ കവിതയുള്ള ശകലങ്ങൾ വിരിയുന്നത് മനസിന്റെ ചിന്തകളുടെ പ്രതിഫലനമായാണ്.കവിതകൾ എഴുതുക സന്ധ്യയുടെ രീതിയല്ല,പലപ്പോഴും മനസിലെ ചിന്തകൾ സ്റ്റാറ്റസുകളായി ചിതറുകയാണ് പതിവ്.അതിനെ അരിച്ചെടുത്ത് രൂപപ്പെടുത്തിയ ഏതാനും കവിതകളാണ് ഇതിൽ നൽകിയിരിക്കുന്നത്.

ഭർത്താവ് : പ്രദീപ്

മക്കൾ  : പ്രണവ് ,പ്രണയ

വിലാസം : മൈലക്കര,മൈലക്കര പി ഒ

**“ There is no greater agony**

**than bearing an untold story**

**inside you.”**

**~Maya Angelou**

വഴിയിലെ

കൊച്ചുകാട്ടുപ്പൂവിനും

മുകളിലെ കിളിപ്പാട്ടിനും നന്ദി

മിഴിയിൽ വറ്റാത്ത കണ്ണുനീരിനും

ഉയിരുണങ്ങാത്ത കണ്ണീരിനും

നന്ദി

-സുഗതകുമാരി

# ഉള്ളടക്കം

**ഉള്ളടക്കം**

കവിതയുടെ നൈർമല്യം....9
ചിന്തകൾക്ക് വിലക്കുകളില്ല....11
തേന്മൊഴിയും മലയാളം....12
അമ്മയെന്ന മന്ത്രം....2
....2
സത്യമാണച്ഛൻ....3
എന്റെ ബാല്യം....4
ഇന്നത്തെ ബാല്യം....6
കാലത്തിനൊപ്പം....8
പ്രിയ തോഴിമാർ....10
ഒറ്റപ്പെട്ട വാർദ്ധക്യം....11
കൊഴിഞ്ഞാലും കൊഴിയാത്ത മോഹം....13
കാണാമറയത്ത്....15
എൻ വഴിത്താരയിലെ പൊൻവെളിച്ചം....17
കനിവ്....19
നന്മ വിതറിയ രാക്ഷസൻ....21
അപ്സരകന്യ....23
എൻപ്രിയകേരളം....25
എന്നിട്ടും....26
ബലിച്ചോറ്....28
പുഴവിന്റെ കാത്തിരിപ്പ്....30
മുഖംമൂടി....32
ഒന്നായിപ്പാടാം....33
നന്മയുള്ള ഭാരതം....35
കടപ്പാട്....37

# കവിതയുടെ നൈർമല്യം

"പൂവിനുള്ളിൽ നിറഞ്ഞുനിൽക്കും-

മധുവിനേക്കാൾ മധുരമെൻ മലയാളം."

എന്ന് തുടങ്ങുന്ന കവിതയിൽ ഒരു ഗ്രാമീണ പെൺകുട്ടിയുടെ മാതൃഭാഷയോടുള്ള പ്രണയം കവിഞ്ഞൊഴുകുകയാണ്.ചുറ്റുമുള്ള ചെടികളെയും പ്രാണികളെയും മഴയെയും പ്രണയിക്കുന്ന എഴുത്തുകാരിയുടെ കവിതകളിൽ കുട്ടിത്തവും പ്രകൃതിയോടുള്ള സ്നേഹവും ആകുലതകളും നിറഞ്ഞിരിക്കുന്നു.മനസിന്റെ സന്തോഷങ്ങളും സന്താപങ്ങളും പ്രകടിപ്പിക്കാനുള്ള ഏറ്റവും നല്ല ഉപാധിയെന്നത് വായനയും എഴുത്തുമാണ്.

" സത്യത്തിൻ കയ്പുനീർ -

മധുരമായ് മാറ്റിടും- "

എന്ന വാക്കുകളിലൂടെ നിത്യസത്യമായ മാതാപിതാക്കളെ കുറിച്ചുള്ള സ്നേഹവും ആശങ്കകളും ലളിതമായ വരികളിലൂടെ പകർന്നു വയ്ക്കുമ്പോൾ,സാമൂഹികമായ ചുറ്റുപാടുകളിലെ മാറ്റങ്ങളെ കുറിച്ചുള്ള അവബോധം തന്നെ അസ്വസ്ഥയാക്കുന്നവെന്ന് എഴുത്തുകാരി തിരിച്ചറിയുകയാണ്.

"കൂകു ....കൂകു കുയിലമ്മ ചൊല്ലി

അണ്ണാറക്കണ്ണാ .... അണ്ണാറക്കണ്ണാ "

എന്നു തുടങ്ങുന്ന കവിതയ്ക്ക് ഒരു കുട്ടികവിതയുടെ തുടക്കമാണെങ്കിലും പിന്നീട് എഴുത്തുകാരിയുടെ വിഹ്വലത അതിൽ വാക്കുകളായി പടരുന്നു....

ലളിതമായ വരികളിലൂടെ സാമൂഹികപ്രതിബദ്ധത പ്രകടിപ്പിക്കുന്ന എഴുത്തുകാരിയ്ക്ക് ഇനിയും വായനയിലൂടെയും നിരീക്ഷണത്തിലൂടെയും വരികളെ കാച്ചികുറുക്കിയെടുത്ത് കാവ്യലോകത്തിൽ വളരാൻ സാധിക്കും.....

സന്ധ്യ സി

ഹെഡ്മിസ്ട്രസ്,

ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്

# ചിന്തകൾക്ക് വിലക്കുകളില്ല

നമ്മുടെ ചിന്തകൾക്ക് വിലക്കുകളില്ലായെന്ന് തെളിയിക്കുന്ന എഴുത്തുകളാണ് ഇതിലെ ഓരോ കവിതകളും.കവിതകളുടെ നിയതമായ ചട്ടക്കൂടുകളോ അതിർവരമ്പുകളോ ഇല്ലാത്ത ലാളിത്യത്തിന്റെ സ്വാതന്ത്ര്യമാണ് ഈ കവിതകളുടെ പ്രത്യേകത.മഴ കണ്ട് വരാന്തയിൽ ഇരിക്കുന്ന സമയത്തോ, ജോലിസ്ഥലത്തേയ്ക്ക് നടന്നു പോകുന്ന സമയത്തോ, മനസിലുണ്ടാകുന്ന ചിന്തകൾ കണിക്കൊന്ന കുടഞ്ഞ പോലെ തട്ടിയിട്ട വരികളാണെന്ന് സാമാന്യമായി പറയത്തക്ക വിധം ലളിതവും എന്നാൽ സാമൂഹികപ്രതിബദ്ധത പ്രകടമാക്കുന്ന തരത്തിൽ ശക്തവുമാണ് വരികൾ.ചിലപ്പോൾ കൊച്ചുകുട്ടികളുടെ ബാലകവിതകളാണെന്ന പ്രതീതി തോന്നിയാലും കാലത്തിന്റെ മാറ്റങ്ങളിലെ അസ്വസ്ഥത അറിയുന്ന ഇരുത്തം വന്ന ഒരു എഴുത്തുകാരിയുടെ ചില നുറുങ്ങു വരികളും പ്രത്യക്ഷപ്പെടുന്നുണ്ട്.ഗവ.വി.എച്ച്.എസ്.എസ് വീരണകാവിലെ ലിറ്റിൽ കൈറ്റ്സ് കുട്ടുകാർ തങ്ങളുടെ പബ്ലിഷിംഗ് യൂണിറ്റിന്റെ ഭാഗമായി ഈ കവിതകൾ തിരഞ്ഞെടുക്കാൻ കാരണം അവരുടെ കൂട്ടുകാരന്റെ അമ്മയുടെ വരികളുടെ സത്യസന്ധതയും നൈർമല്യവും കണ്ടതിനാലാണ്.

ലിസി ആർ

(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്)

# തേനൂറും മലയാളം

പൂവിനുള്ളിൽ നിറഞ്ഞുനിൽക്കും-

മധുവിനേക്കാൾ മധുരമെൻ മലയാളം.

തെന്നലിൻ താളത്തിൽ ചാഞ്ചാടി നിൽക്കും-

മാമലകൾ ചൊല്ലുന്നൊരാ  മലയാളം.

തുഷാരത്തിൻ കുളിരിൽ മയങ്ങി-

അരുണന്റെ കിരണമേറ്റുണർന്ന് ,

പെയ്തലിഞ്ഞോരംബരം ചുറ്റിയെത്തും -

അർക്കന്റെ പുഞ്ചിരിപോൽ,

അങ്കുരസ്പർശമേറ്റൊഴുകും-

കാട്ടറിൻ കുളിരലപോൽ,

മിഴികളിൽ അഴകുവിടർത്തിയാടും -

മയൂര നടനംപോൽ,

പളുങ്കുപോൽ തിളങ്ങി നിൽക്കും -

മലയാളമാം മുത്തിനെ -

തല്ലിയുടയ്ക്കുന്നതെന്തേ മലയാളി.

# അമ്മയെന്ന മന്ത്രം

കൺകണ്ട  ദൈവമാം അമ്മയ്ക്കു മുമ്പിലായ് -

സ്നേഹത്തിൻ അർച്ചന പൂക്കളേകാതെ -

നാടായ നാട്ടിലെ ദേവാലയങ്ങളിൽ  കൂപ്പുകൈയുമായ് -

ദൈവത്തെ തേടി  നടപ്പവർ   ഞങ്ങൾ.

പാലാഴി കടഞ്ഞെടുത്തോരമൃതുപോലും-

അമ്മിഞ്ഞപ്പാലിൻ  മഹത്വമോതി  നിൽപ്പൂ.

ആഴത്തിലൊളിപ്പിച്ച  ചിപ്പിക്കുള്ളിലെ മുത്തുപോലെ -

മമതയാൽ നിറഞ്ഞൊഴുകൂ അമ്മതൻ നെഞ്ചകം.

അമ്മയെന്നുള്ളൊരു മന്ത്രത്തിൻ ശക്തിയാൽ -

ജീവിതത്തോണി തുഴഞ്ഞു നീങ്ങാം.

# സത്യമാണച്ഛൻ

സത്യത്തിൻ കയ്പുനീർ -

മധുരമായ് മാറ്റിടും-

സത്യത്തെത്തന്നെ മുറുകെ പിടിച്ചീടുകിൽ,

എന്നോതി നേർവഴി കാട്ടിയെന്നും -

നന്മതൻ വെളിച്ചമേകിയച്ചൻ.

കർക്കശമോടെ ചൊല്ലുന്ന വക്കിലെന്നും-

സ്നേഹത്തിൻ സാഗരം മറഞ്ഞിരുന്നു.

വിയർപ്പിലൂടൊഴുകുന്ന ഉപ്പിന്റെ രസത്താൽ -

രുചിയേറും അന്നം നൽകുമച്ഛൻ.

അച്ഛൻ തെളിയിച്ച നേരിന്റെ വഴികളിൽ

സഞ്ചരിച്ചീടാം ഇനിയുള്ള നാളുകൾ.

# എന്റെ ബാല്യം

ഞാനൊന്നു കൊതിച്ചാൽ

തിരികെ വന്നെത്തിടുമോ ?

ഓർമ്മയിൽ നിറഞ്ഞൊരെൻ ബാല്യകാലം.

കറവന്നടിയാത്ത മനസ്സിന്റെ ചിറകേറി-

പാറിനടന്നൊരു ബാല്യകാലം.

കൊഞ്ചുന്ന കൊലുസിന്റെ താളത്തിനൊപ്പം-

തുള്ളികളിച്ചോരു ബാല്യകാലം.

കാറ്റിന്റെ കൈകൾ പുണരുംനേരം-

താനെ വീഴുന്ന മാമ്പഴമൊക്കെയും-

കുളിരേകും മഴയിൽ കൂട്ടരുമൊത്തു നുകർന്നകാലം.

ആകാശത്തേരേറി സ്വപ്നങ്ങൾ വർണ്ണം വിരിച്ചകാലം.

'അമ്മതൻ സ്നേഹത്താൽ-

വിശപ്പിൻനൊമ്പരം മറന്നകാലം.

 അരയന്നപ്പിടപോലെ താളത്തിലൊഴുകുന്ന-

പുഴയെ വാരിപ്പുണർന്നകാലം.

നുകർന്നാലും നുകർന്നാലും തീരാത്ത-

ഗഗന നീലിമയാണെന്റെ ബാല്യകാലം.

രണ്ടാം ശൈശവകാലത്തോളം-

ഈ പാരിൽ എൻ ജീവൻ തുടിക്കുമെങ്കിൽ

 ഒന്നിനുപിറകെ ഓടിവന്നെത്തിടും തീരം-

തലോടും തിരമാലപോലെ -

ഓർത്തോർത്തിരിക്കാനായൊരുബാല്യകാലം.

# ഇന്നത്തെ ബാല്യം

നാളേയ്ക്കായ് ഓർത്തുവെച്ചീടുവാൻ-

മധുരമാ ഓർമ്മകൾ തെല്ലൊന്നില്ലാത്ത ബാല്യം.

ഒരായിരം കഥകൾ താളത്തിൽ ചൊല്ലുവാൻ-

മുത്തശ്ശിക്കൊപ്പം കൂടാത്ത ബാല്യം .

മുത്തച്ഛനൊപ്പം ഊരൊന്നു ചുറ്റി-

അപ്പൂപ്പൻതാടി തൊട്ടറിയാത്ത ബാല്യം.

യാന്ത്രിക ശക്തിയിൽ മാറിയ ചിന്തയാൽ -

സ്നേഹത്തിൻ മൂല്യം മറന്ന ബാല്യം.

കരുണതൻ കനിവൊട്ടും മിഴികളിൽ നിറയാത്ത-

കലികാല ഭാവം വിളയാടും  ബാല്യം.

വാത്സല്യ മധുരം നുണയുവാനാകാതെ

നാലുമതിൽകെട്ടിലൊതുങ്ങിയ ബാല്യം.

കുഞ്ഞുകിനാവേറിപാറിനടക്കേണ്ട-

ശലഭങ്ങളെന്നാലും മത്സര നേട്ടത്തിൻ-

ഭാരംപേറും തുമ്പികണക്കെ -

നെട്ടോട്ടമോടുന്ന ഇന്നത്തെ ബാല്യം.

കാതുകൾക്കിമ്പമാം കോകിലകൂചനം കേട്ടൊന്നു -

മറുസ്വരം പാടാത്ത വേഗത്തിലോടുന്ന -

മാറിയകാലത്തിൻ ബാല്യകാലം.

# കാലത്തിനൊപ്പം

പിന്നിട്ടവഴികളിൽ പിന്നൊരിക്കലും-

പിന്തിരിഞ്ഞെത്താൻ കഴിയാതെ-

ചിലങ്കകെട്ടി നിലയ്ക്കാതൊഴുകും പുഴപോൽ.

ഞാനെന്നഭാവം തെല്ലുമില്ലെന്നാലും -

ആരെയും കാത്തുനിൽക്കാതോടും -

ഘടികാരത്തിൻ സൂചികണക്കെ.

ഇത്തിരിനേരം ഒത്തിരിപേരോടൊന്നു ചിരിക്കാൻ-

അയലത്തെ കൂട്ടരോടൊപ്പമിരുന്നോരോ -

കളിയൊന്നു ചൊല്ലുവാൻ-

തൻ കൂര തന്നിൽ തനിക്കൊപ്പമുള്ളവരോടൊന്നു-

ഹൃദയംതൊട്ടു മിണ്ടാതെ.

ഋതുക്കളോരോന്നായ് മാറിവന്നെങ്കിലും -

കൊതിതീരാതെ കൊഴിഞ്ഞു വീണിടും -

കാലത്തിനൊപ്പം ജീവിതയാത്ര തുടരുന്നു-

മർത്യൻ, ഒരുനാൾ നിദ്രയിലാഴും വരെ.

# പ്രിയ തോഴിമാർ

ചിത്തത്തിൽ നിറഞ്ഞിടും ആയിരം ചിന്തകൾ-

മറയുന്നു നിമിഷത്തിൻ മായാജാലത്താൽ.

ഓർമ്മയിൽ തെളിഞ്ഞതൊന്നോർത്തെടുത്തീടുവാൻ-

ഓർമ്മയ്ക്കുപോലും കഴിയാത്തനേരം-

എൻ മനം കളിയാടും വാക്കുകളൊക്കെയും -

തൂലികയോട് ഞാൻ ചൊല്ലിടുമ്പോൾ -

തൂലിക കടലാസ്സിൻ താളിൽ ചുംബിക്കും നേരം-

അക്ഷരപൂക്കളായ് വിടരുന്നെൻ അന്തരംഗം.

സന്താപകടലിൻ തിര വന്നുമൂടവേ-

ആനന്ദ കുളിരേകി നിന്നവർ നിങ്ങൾ.

കടലാസിൻതാളും തൂലികതുമ്പും

ബാല്യം മുതൽക്കേ എൻപ്രിയ തോഴിമാർ.

# ഒറ്റപ്പെട്ട വാർദ്ധക്യം

മുത്തച്ഛൻ ചൊല്ലിയ കഥകേട്ടു നിൽക്കവേ-

അമ്മതൻ വിളിയൊച്ചകേട്ടാ പൈതൽ നടുങ്ങി.

കരം വിട്ടുവീണൊരാപുസ്തകം -

ഉള്ളാലെ തേങ്ങിയാതറിഞ്ഞില്ലയാരും.

ഉലകം മുഴുവനായ് ബിംബിച്ചുകാണും -

കളിപ്പെട്ടിയൊന്നു കൊടുത്താ-

ഇളം കൈകളിൽ .

പരീക്ഷയെന്നൊരു വീരനെ നേരിടാൻ-

പടിക്കെന്നോതീ മറഞ്ഞൊരാ അമ്മയെ -

നിറമിഴിയോടെ നോക്കിയാ ബാല്യം.

ചെല്ലത്താൽ താരാട്ടി താഴ്ത്തുവയ്ക്കാതെ -

വാനോളം വളർത്തിയോരെൻ പൊന്മകൾ -

ഇന്നെന്തേ അച്ഛനെ അറിയാതെ പോകുന്നു .

വൃദ്ധന്റെ മിഴിനീർ മുത്തുപോൾ തിളങ്ങി.

ജീവനായ് കൂടെനടന്നൊരെൻ പാതിമെയ് -

സ്വർഗ്ഗത്തിലേയ്ക്കു മറഞ്ഞനാൾമുതൽ -

നിന്നരികിലണയാൻ ഏകയായ് കാത്തിരിപ്പൂ ഞാൻ.

# കൊഴിഞ്ഞാലും കൊഴിയാത്ത മോഹം

സ്വപ്നത്തിൻ വർണ്ണത്തേരേറി ഞാൻ-

സ്വർഗത്തിൻ  മുറ്റത്തണഞ്ഞ നേരം.

മനതാരിലൊഴുകിയെത്തി മാരിവിൽ-

നാണിച്ചൊളിക്കും, കുളിരാർന്ന വർണ്ണത്തിൽ -

ചാലിച്ചെടുത്തൊരായിരം  തുടിക്കുന്ന ചിത്രങ്ങൾ.

മണ്ണിലെ മോഹങ്ങൾ വിണ്ണിലെ തരംപോൽ -

മിന്നിമാഞ്ഞങ്ങു പോകുമെന്നാകിലും  -

മോഹങ്ങൾ പിന്നെയും മോഹമാം -

പാർശ്വത്താൽ ചുറ്റിപ്പുണർന്നിടുന്നു  നമ്മെ.

മാരുത വേഗേന ഉടലറിയാതെ ചിത്തത്തെ-

പായിക്കുന്നൊരശ്വം കണക്കെ.

കാലത്തിൻ നരവന്നു മേനിയിൽ തൊട്ടാലും-

മോഹത്തിൻ ചിറകേറി പായുന്നു നാം ശലഭം കണക്കെ.

മോഹങ്ങളൊക്കെയും സ്വന്തമല്ലെന്നാറിന്നിട്ടും -

മോഹത്തിനില്ലൊരവസാനമോഹം.

# കാണാമറയത്ത്

രൂപമൊന്നില്ലാതെ പാരിലത്ഭുതം തീർക്കുമാ -

ശക്തിക്ക്, ആയിരം രൂപമിന്നേകി ഞാൻ.

അക്ഷികൾ നിറഞ്ഞൊഴുകുന്ന മാത്രയിൽ-

ചിരിയുടെ നിറദീപമായ് വന്നവൻ നീ.

എൻ ചിത്തം നിറഞ്ഞോരു തമസിന്റെ മറനീക്കി-

സ്നേഹത്തിൻ നെയ്ത്തിരി തെളിയിച്ചിടേണമേ.

കാലത്തിൻ വികൃതിയാൽ അഴലിന്റെ നാളം -

ആളിക്കത്തുന്ന നേരം, ആനന്ദ പേമാരിയാ-

യെന്നിൽ പെയ്തിടേണം.

പാപങ്ങൾ നിറഞ്ഞാടും എന്നുള്ളിൽ ശേഷിക്കും-

ചെറുതുള്ളി നന്മയെ പാരിന്റെ വെളിച്ചമായ് മാറ്റേണമേ.

ഒന്നായ നിന്നെഞാൻ പലതായികാണുമ്പോൾ -

പലരൂപമാം ഉലകത്തെ നീയെന്നും -

ഒരുമതൻ ചെപ്പിൽ നിറയ്ക്കേണമേ.

ഞാനെന്നും നീയെന്നും ഭാവങ്ങളില്ലാതെ -

സ്നേഹമാം ദൈവത്തിൽ ചേർക്കേണമേ.

നന്മകളേകുന്ന കാരുണ്യമൂർത്തിയെ -

നന്ദിയോടെന്നും ഞാൻ വണങ്ങിടുന്നു.

# എൻ വഴിത്താരയിലെ പൊൻവെളിച്ചം.....

തൂലിക തുമ്പിനാൽ അക്ഷരം -

വിടർത്തിയൊരെൻ കടലാസിൻ-

അറ്റംവരെയും വരഞ്ഞു തീരവേ -

ഇനിയൊരക്ഷരം പകർത്തീടുവാനായ്-

കടലാസിലിടമില്ലാതിരുന്ന നേരം-

എൻ മിഴിനീർ മണിമുത്തുകൾ -

അടർന്നുവീണൊരക്ഷരം -

കുതിർന്നു നിൽക്കെ, പുത്തൻ-

താളുകെട്ടു തന്നൊരെൻ ഗുരുനാഥനെ -

ഓർമ്മയിലെന്നും വണങ്ങിടുന്നു.

തമസ്സിൻ മറനീക്കി ജ്ഞാനത്തിൻ-

അമൃതേകി നേർവഴി കട്ടിയൊരെൻ -

കൺകണ്ട ദൈവമാം ഗുരുനാഥ-

പാദങ്ങൾ ആദരവോടിന്നും-

ഞാൻ പ്രണമിക്കുന്നു.

# കനിവ്

കൂകു ....കൂകു കുയിലമ്മ ചൊല്ലി

അണ്ണാറക്കണ്ണാ .... അണ്ണാറക്കണ്ണാ

കണ്ണുനീർ മുത്തുകൾ തുള്ളുമ്പി നില്പതെന്തേ

ചൊല്ലുവാനേറെയുണ്ടെന്റെ  കുയിലമ്മേ

ചിലങ്കതൻ നാദംപോൽ അണ്ണാറക്കണ്ണനോതി.

ഇത്തിരികനിയുള്ള മരമില്ല മണ്ണിലായ് -

കനിവിന്റെ നനവോട്ടുമില്ല പാരിൽ-

വിശപ്പിന്റെ മന്ത്രങ്ങൾ വയറിൽ നിന്നുയരവെ,

മക്കൾക്കായ് കനിതേടിയങ്ങകലെ-

വനമെന്നു നാമമാത്രം പേരുള്ള കാടിന്റെ

നടുവിലായ് ഞാനെത്തി.

സ്വാർത്ഥനാം മനുജന്റെ ആർഭാടവേള തൻ-

ആനന്ദത്താൽ ശ്വാസം നിലച്ചോരു കാട്ടാറിൻ-

തേങ്ങലെൻ കർണ്ണത്തിലേറ്റുനിൽപ്പു.

വിണ്ണിലെ തിങ്കളിൻ നെറുകയിൽ -

തലോടി നിൽക്കും മണ്ണിലെ സൗധങ്ങൾ

കാടിന്റെ മക്കൾതൻ നെഞ്ചകം തകർത്തു നിൽപ്പൂ .

നിനക്കു നീ തന്നെ തീർക്കുന്ന നരകം പോൽ,-

മസ്തിഷ്കം ചൊല്ലുന്ന ബുദ്ധിയിൽ തീർത്തൊരു -

യന്ത്രത്തിൻ കരങ്ങളാൽ -

സഹ്യന്റെ ഹൃദയം പിച്ചിച്ചീന്തിടുന്നു.

ക്ഷമയുടെ നെല്ലിപ്പലക കടന്നെൻ ഭൂമിയമ്മ

ക്ഷമയോളം മറ്റൊന്നില്ലയെന്നോതി

ക്ഷമിക്കുന്നു പിന്നെയും സഹിച്ചിടുന്നു.

# നന്മ വിതറിയ രാക്ഷസൻ

രാക്ഷസഭാവം നിറഞ്ഞതാണെങ്കിലും-

നന്മതൻ തിരിനാളം അകതാരിൽ തെളിയിച്ചു -

കൊറോണയെന്നൊരു ചെല്ലപ്പേരിൽ -

ഉലകം നിറഞ്ഞാടിയകാലം -

പാരാകെ നമ്മൾ സൃഷ്ടിച്ച ദൈവങ്ങളൊക്കെയും -

താമസിന്റെ മറവിലൊളിച്ചു നിന്നു.

വിശപ്പിന്റെ രാക്ഷസ്സനുണർന്നിടും നേരം -

നമ്മളെ സൃഷ്ടിച്ച സ്നേഹമാം ദൈവം -

അകതാരിൽ സടകുടഞ്ഞുണർന്നകാലം.

ചിലമ്പണിഞ്ഞെത്തിയ മൃത്യുവിൻ കാലൊച്ച -

കേൾക്കവേ ജാതി  മത ചിന്തകൾ ഓടിമറഞ്ഞകാലം.

ഞാനെന്ന ഭാവം ഉള്ളിലൊതുക്കി -

ഞങ്ങളെ കാക്കണേയെന്നോതി നിന്നകാലം.

നീ തന്നെ തീർത്തൊരു ശാസ്ത്രത്തിൻ കണ്ണുകൾ -

നിറമിഴിയോടെ പകച്ചു നിന്നകാലം.

പെറ്റമ്മയാണെന്നാലും  പിഞ്ചോമനതൻ -

ചേതനയറ്റ മേനി പുണരുവാനാകാതെ -

അകന്നു നിന്നകാലം.

പേയ്പിടിച്ചോടിടും നായ്ക്കളെക്കാളും -

മർത്യനെ മർത്യൻ ഭയന്നകാലം.

ഹേ ! മനുജാ നിസ്സാരനാണു നീ -

ഓർമ്മപ്പെടുത്തലുകൾ പലതായി വന്നിടും -

നേരത്തും ഓർക്കുവാൻ നേരമില്ലെന്നു-

ചൊല്ലി നയിക്കുന്നു ജീവിതം നമ്മളിൽ പലരും

# അപ്സരകന്യ

കുയിൽ നാദത്തിൻ മറുമൊഴി ചൊല്ലി -

മയൂര നൃത്തചുവടുകളാലെ

വർണ്ണപൂക്കളിൽ വസന്തമൊരുക്കി

കുണുങ്ങിയൊഴുകും ചോലകൾ നീളെ -

താരാട്ടിൻ ഈണവുമായി.

മരതകപ്പുടവ ചേലയുമായി -

കാറ്റിൻ കൈകളിലൂഞ്ഞാലാടി .

ആഴിക്കങ്ങേ മാറുകരതേടി -

ഓടിമറയും തിരമാലകൾ തഴുകി

വെള്ളികെട്ടിൻ ഇഴകൾ ചേർത്തു -

നീലിമയാലേ നെയ്തുനിവർത്തും -

ആകാശമിതെന്തൊരു ചേല് .

രാവും പകലും നാണിച്ചു നിൽക്കും -

മൂവന്തിനേരമിതു മായാജാലമോ ?

വെള്ളിവെളിച്ചമേറ്റുതിളങ്ങും -

ആമ്പലിൻ മൊട്ടുകൾ വിടരുന്ന രാവും

ഇങ്ങനെയിങ്ങനെ വർണ്ണം തോൽക്കും -

വർണ്ണവുമായി കൗതുകമിനിയും ഉള്ളിലൊതുക്കി -

ചമഞ്ഞുനിൽക്കും പ്രകൃതിയു-

മിന്നൊരു അപ്സര കന്യയോ.

# എൻപ്രിയകേരളം

ദൈവത്തിൻ സ്വന്തം നാടായ കേരളം

മലയാള നാടായ കേരളം .

കളകളമൊഴുകുന്ന പുഴകള്ളുടെ പാട്ടിൽ

കേരങ്ങൾ കഥകളിയാടിടുന്നു .

മവേലി മന്നൻ വാണൊരുകാലം

സമൃദ്ധിയാൽ ചിരിതൂകിയെൻ കേരളം

പൊൻപ്രഭ തൂകിടും വിഷുക്കണി-

ക്കൊന്നയാൽ പൊന്നാടചാർത്തിടുമെൻ കേരളം

ശ്രേഷ്ഠമാം മലയാള ഭാഷതൻ

നാടായ കേരളം

മാമലകൾ കൊഞ്ചുന്ന ഏഴുസ്വരങ്ങൾ

മീട്ടി വരും കുളിർക്കാറ്റിൻ  നാടായ കേരളം

ഒന്നായ് ഒരുമയോടെ സ്നേഹത്താൽ മലയാളി വാഴുന്ന

എൻ കേരളം എന്റെ സ്വന്തം കേരളം.

# എന്നിട്ടും

നാടായ നാട്ടിലെ പൂവായ പൂവുകൾ -

വാരിപ്പുണർന്നുവന്നെത്തിയ തെന്നലിൻ -

മേനിയിലിന്നെന്തേ വിഷാദത്തിൻ സുഗന്ധം .

കാറ്റിന്റെ കൈകൾ തലോടി നിന്നിട്ടും -

പൂവുകളിന്നെന്തേ പുഞ്ചിരി തൂകിയില്ല .

പീലിവിരിച്ചാടിനിൽപ്പു വർണ്ണങ്ങളെന്നിട്ടും -

മാരിവില്ലിനിന്നെന്തെ മൗനം .

ശോഭയാൽ നാടൊന്നു ചുറ്റുവനേറെ -

മോഹം മനസ്സിനെ ഉണർത്തിടുമ്പോഴും -

ശലഭങ്ങളിന്നെന്തേ വാടിനിൽപ്പൂ .

ഓടിവന്നെത്തിനോക്കി വേനൽമഴ എവിടെയോ

മറഞ്ഞു നിൽപ്പൂ .

പുഴപാടി താളത്തിലൊഴുകുന്നുണ്ടെങ്കിലും -

കുളിരിന്റെ രോമാഞ്ചം നിലച്ചപോലെ.

തണലേകി തലയേന്തി നിന്നിരുന്നോരാ -

മുത്തശ്ശിമരങ്ങൾ മണ്മറഞ്ഞെങ്ങോ പോയതല്ലോ .

വാനോളം നിറഞ്ഞുനിൽക്കും വിണ്ണിലെ -

പറവകൾ എവിടെയോ വാടിത്തളർന്നിരിപ്പൂ.

ദാഹിക്കുന്നയ്യോ ! ചുണ്ടുകൾ വരളുന്നെ -

മണ്ണിന്റെ നിലവിളി കേട്ടിട്ടുമിന്നെന്തേ -

അർക്കൻ കത്തി ജ്വലിച്ചുനിൽപ്പൂ .

# ബലിച്ചോറ്

അച്ഛന്റെ വിയോഗത്തിൻ അഴലറിയിക്കാതെ -

താതനും തായുമായ് മാറിയൊരമ്മ .

തൻ യൗവ്വനകാലത്തിൻ സുഗന്ധമാകെ -

മക്കൾക്കായി ഹോമിച്ചു ജീവിതം -

അന്ത്യത്തോടടുത്തകാലം.

മക്കൾതൻ കരസ്പർശമേൽക്കാൻ-

കൊതിയോടെ കാത്തിരുന്നമ്മ.

മരണദൂതൻ വന്നെത്തുന്ന വേളയിൽ -

സന്താനമേകും ദാഹജലം കിനിയുവാൻ -

വിറകൊണ്ട ചുണ്ടുകൾ മോഹിച്ചു.

അവസാനനാൾവരെ മക്കളെ കണ്മുന്നിൽ-

കാണുവാൻ കൊതിച്ചോരമ്മയെ-

തണലെന്നും തലോടലെന്നും പേരുള്ള -

സദനമാം സങ്കടക്കടലിൽ തള്ളിയനേരം.

മുലപ്പാൽ കിനിഞ്ഞൊരാമാറിൽ നിന്നും  -

ചെഞ്ചോര പുഴപോൽ ഒഴുകിയെത്തി .

ചേതനയറ്റു വീണൊരമ്മ ഭൂമിമാതാവിൽ -

അലിഞ്ഞു ചേർന്നു .

ദാഹത്താൽ വലഞ്ഞൊരു നാവുണ്ടായിരുന്ന-

കാലം ദാഹമകറ്റുവാനായ് പണിപ്പെട്ടില്ലയാരും .

ദാഹവും മോഹവും തെല്ലുമില്ലാതെ -

അരൂപിയാം ആത്മാവിനേകുന്നു

വിശപ്പും ദാഹവും അകറ്റുമാ ബലിച്ചോറ് .

# പുഴുവിന്റെ കാത്തിരിപ്പ്

ഏതോ മഹാന്റെ വാക്കുകളിന്നു ഞാൻ -

കടമായെടുക്കുന്നെൻ വാക്കുകൾ ചൊല്ലുവാനായ് .

കാത്തിരുപ്പു പുഴുവിനായൊരു മൽസ്യം .

പുഴുവുനെ കിട്ടിയൊരാ മൽസ്യം-

സംതൃപ്തിയോടെ ചിരിച്ചിടുന്നു.

മീനിനെ വേണമെന്നായി മർത്യൻ.

മനുജന് മീനിനെ ലഭിച്ചിടുന്നു.

മനുഷ്യനെ വേണമെന്നോതി പുഴുക്കൾ.

ഒരുനാൾ മർത്യാ നീ അന്നമായ് തീർന്നിടും -

നമുക്കായ് എന്നോതി കാത്തിരുന്നു പുഴുക്കൾ

ജീവിത ചക്രം മണ്ണിലിങ്ങനെ കറങ്ങുന്നുവെങ്കിലും

കാത്തിരിക്കുന്നൊരാ പുഴുവിന്റെ മോഹങ്ങൾ -

വ്യർത്ഥമായ് തീരുമോ മണ്ണോടു ചേരുന്ന -

മനുജനെ നിനക്കായിനി കിട്ടുമോ ?

മണ്ണില്ല മരമില്ല മരത്തിലോ കിളിയില്ല.

ഭൂമിയിലായിനി ആറടി മണ്ണുണ്ടോ .

മർത്യന്റെ സുഖത്തിനായ് ഭൂമിയെ -

കൊന്നു നാം അംബരം ചുംബിക്കും -

സൗധങ്ങൾ നിറച്ചിടുന്നു.

യന്ത്രത്താൽ ഒരുപിടി ചാരമായ് -

മാറിടും പാരിൽ തിമിർത്താടിയോരീ മേനി .

ചാരമോ ശുദ്ധമാം ജലത്തെ അശുദ്ധമാക്കിടും

എങ്കിലുമിങ്ങനെ കറങ്ങുന്നു കാലചക്രം

# മുഖംമൂടി

അഭിനയം തെല്ലുമേ വശമില്ലാത്തവർ -

ചൊല്ലും മൊഴികളും കർമ്മങ്ങളൊക്കെയും -

നന്മനിറഞ്ഞതാണെന്നാകിലും -

ശാപമാം മുള്ളുകൾ കോർത്തപോലെ

അവനിൽ തന്നെ വന്നുഭവിക്കുന്നു.

തെറ്റൊന്നും ചൂണ്ടികാണിച്ചുപോയാൽ

തെറ്റു ചെയ്തവരേക്കാൾ തെറ്റുകാർ നമ്മൾ .

മുഖംമൂടിയണിഞ്ഞൊരു മർത്യനെയത്രേ

മാനവർക്കെന്നും പ്രിയം, എങ്കിലും തിക്തമാം -

വാക്കുകൾകൊണ്ടെൻ ഹൃദയത്തിലാഴത്തിൽ -

മുറിവുകൾ തീർത്തവരെനിത്യം -

നന്ദിയോടോർത്തിടുന്നു. ജീവിതത്തോണി -

തുഴഞ്ഞു നീങ്ങാൻ ഇവരോതും വാക്കുകൾ -

ബലമേകിനിന്നു .

# ഒന്നായിപ്പാടാം

കൈകൊട്ടി താളത്തിൽ ഊഞ്ഞാലിലാടാൻ -

ഓടിവാ ഓടിവാ ഓണത്തുമ്പി .

കൈനിറയെ പൂക്കളുമായി ഓടിവാതുമ്പി .

മലയാളി മനസുകൾ ഒന്നായി ചൊല്ലുന്നു -

വരവായ് വീണ്ടും പോന്നോണം -

മാവേലി തമ്പ്രാന്റെ തിരുവോണം.

പുത്തനുടുപ്പുകളണിഞ്ഞു നമ്മൾ -

സദ്യയ്ക്കു മുന്നിലിരുന്നിടുമ്പോൾ -

വിശക്കുന്ന വയറിൽ നിന്നുയരുന്ന -

നാദത്തിൻ മിഴിനീരൊപ്പുവാൻ -

കൂട്ടുചേരാം കൂട്ടരൊപ്പം ആടിപാടാം.

പൂവിട്ടു മലയാളിയെ വാഴ്ത്തിപ്പാടാം

തുമ്പപ്പൂ കൊണ്ടൊരു കളംനിറയ്ക്കാം .

സുഗന്ധം പേറിവന്നെത്തുന്ന തെന്നലിൻ -

കാതിലായ് ചൊല്ലാം മാവേലിമന്നന്റെ -

ദാനകഥകൾ നന്മയിൽ പൂവിട്ട ധീരകഥകൾ.

# നന്മയുള്ള ഭാരതം

കൈതൊഴാം കൈതൊഴാം -

ഭാരതാംബയെ .

വാഴ്ത്തിപ്പാടാം വാഴ്ത്തിപാടാം -

ഭാരതാംബയെ

നന്മയെ ജയിക്കുവാൻ -

ജീവനുള്ള നാൾവരെ -

തോൽക്കുകില്ല തോൽക്കുകില്ല -

തോറ്റു ഞങ്ങൾ മാറുകില്ല .

ജാതി മത ചിന്തകൾ സ്നേഹത്താൽ -

തകർത്തിടാം സ്നേഹമാണ് ദൈവമെന്ന-

ചിന്തയിൽ വളർന്നിടാം.

സത്യവും അഹിംസയും ചിത്തത്തിൽ -

നിറച്ചിടാം .

കൈകൾ കോർത്തു കരുണയോടെ -

നാടിനെ നയിച്ചിടാം .

ജീവനേകി നേടിയ പിറന്ന മണ്ണിൻ -

പൈതൃകം കാത്തുസൂക്ഷിച്ചീടുവാൻ -

കാവലായി നിന്നിടാം.

# കടപ്പാട്

മൃത്യുവിൻ കരങ്ങൾ വന്നെന്നെപ്പുണർന്നാലും -

ആത്മാവിൽ ഞാനെന്നും വരഞ്ഞിടും-

ആ ഗുരുനാഥ തൻ നന്മയിൽവിടർന്നൊരാമുഖം .

സ്വപനത്തിൽപോലും സഫലമാകാത്തൊരെൻ -

പാഴ്മോഹം സാക്ഷാൽക്കാരത്തിൻ -

നെറുകയിലെത്തിച്ചോരെൻ ഗുരുനാഥയെ -

പാദങ്ങൾ തൊട്ടുവണങ്ങിടുന്നു .

ഏതോ ആത്മബന്ധത്തിൻ -

സുകൃതമായ് വന്നെത്തിയെന്നിൽ -

മോഹത്തിൻ നെയ്ത്തിരിനാളം -

തെളിയിച്ചൊരാമുഖമെന്നും -

നന്ദിയോടെ സ്മരിച്ചിടും ഞാൻ.



# "മനതാരിൻ മൊട്ടുകൾ തൂലികയിൽ വിടർന്നപ്പോൾ"

## സന്ധ്യ എസ്

മനസിന്റെ ചിന്തകൾ വരച്ചിട്ട ചിത്രങ്ങളാണ് സന്ധ്യയുടെ കവിതകൾ.അത് ചിലപ്പോൾ കുട്ടികവിതകളുടെ രൂപത്തിലാണെന്ന് തോന്നിയാലും,ആശയസമ്പന്നതയിൽ പ്രകൃതിയോടും മനുഷ്യനോടുമുള്ള പ്രതിപത്തിയും സ്നേഹവും ആകുലതയും നിറഞ്ഞ കവിതകളായി രൂപാന്തരപ്പെടുന്നത് വരികൾക്കിടയിൽ നമുക്ക് ദർശിക്കാനാകും.

കവിത



**LKV Publications**
**Little Kites**
**GVHSS Veeranakavu**
**Veeranakavu P O**